വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

തിരുവിതാംകൂർ

(എ) ൧൫, ൦൫,൧൩൬ പറ

കൊച്ചി

(ബി) ൫൩,൩൩,൩൦ ൦ പറ

തിരുവിതാംകൂർ

(സി) ൫,൩൫,൧൦ ൦ ഏക്കർ.

കൊച്ചി

(ഡി) ൨,൦൦,൦ ൦ ൦ ഏക്കർ

നെല്ലെടുപ്പും റേഷനിംഗും

൨൦. (൩) ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

നെല്ലെടുപ്പും, റേഷനിംഗും ഇടങ്ങിയത്തു മുതൽ ൧൩൫൦ അവസാനം വരെ പ്രതിവർഷം തിരുവിതാംകൂർ വിഭാഗത്തിൽനിന്നും കൊച്ചി വിഭാഗത്തിൽനിന്നും എടുത്തിട്ടുള്ള നെല്ലിന്റെ മുഴു പട്ടിക മേശപ്പുറത്തു് വയ്ക്കുമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

Period	Travancore In paras.	Cochin In paras.
1118 M. E. (1942—43) A.—D.	3,899,864	3,393,715
1119 (1943—44)	9,910,437	5,343,136
1120 (1944—45)	8,556,744	5,757,307
1121 (1945—46)	5,075,620	5,992,956
1122 (1946—47)	9,598,391	6,426,368
1123 (1947—48)	7,491,859	5,030,025
1124 (1948—49)	7,750,588	5,879,624
(1—1—1125) 17—8—1949 to 31—12—1949	2,588,734	2,925,054
1950	7,505,738	5,939,900

സൈന്യ സംയോജനം

൨൧. (൪) ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സാംസ്ഥാനിക സൈന്യ സംയോജനഫലമായി സ്റ്റേറ്റ് ഫോഴ്സിൽനിന്നും എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ടു്;

(ബി) പിരിച്ചുവിട്ടവരിൽ എത്രപേർക്കു് മറ്റു ഉദ്യോഗങ്ങൾ കൊടുത്തിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧൦ ആഫീസറന്മാരേയും, ൧൯൫൧ താഴ്ന്നതരം ഉദ്യോഗസ്ഥന്മാരേയും പിരിച്ചുവിട്ടുകഴിഞ്ഞു. കൂടാതെ മറ്റു ആഫീസറന്മാരേയും, ഇനിയും താഴ്ന്ന ഉദ്യോഗസ്ഥന്മാരേയും അടുത്തുതന്നെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അറിയുന്നു.

(ബി) പിരിച്ചു വിട്ടവരിൽ ൧൦ ആഫീസറന്മാർക്കും നൂറിൽ കൂടുതൽ ശിപായിമാർക്കും മറ്റുദ്യോഗങ്ങൾ ഇതിനകം നൽകിയിട്ടുണ്ട്.

പോലീസ് അഴിമതികളും അക്രമങ്ങളും

൬൬ *(൯) ശ്രീ. ടി. എസ്. ബന്ധു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) കുന്ദംകുളം പോലീസ് സബ് ഇൻസ്പെക്ടർ നാരായണൻ നമ്പീശൻ ഒരു കുടുത്ത അഴിമതിക്കാരനും, അക്രമക്കാരനുമാണെന്നു കാണിച്ച് ഗവർമ്മെൻറിലേക്ക് വല്ല ആക്ഷേപങ്ങളും ലഭിച്ചിട്ടുണ്ടോ;

(ബി) കരിക്കാട് കുടിയിറക്ക് (വെളുത്തേടത്തു രാമുണ്ണിനായരുടെ കുടുംബത്തെ) പറ്റിനാന പുലയൻ ചക്കനെ കുടിയിറക്കിന്റെ പേരിൽ നടത്തിയ മർദ്ദനം, ചെമ്മംതട്ട ശിശുവധക്കേസ് ചുമത്തി നിരപരാധികളായ സ്ത്രീകളെ മർദ്ദിക്കൽ തുടങ്ങിയ പരാതികൾ ഗവർമ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(സി) ആവക ആക്ഷേപങ്ങളേക്കുറിച്ച് ഗവർമ്മെൻറ് എന്തു നടപടിയാണ് നടത്തിയിട്ടുള്ളതു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അന്വേഷണത്തിലിരിക്കയാണ്.

റേഷൻ ഷാപ്പുകൾക്കു വേണ്ടിയുള്ള ലൈസൻസു്

൬൭. (൧൭) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) പുതുതായി റേഷൻ ഷാപ്പുകൾ നടത്തുന്നതിനുള്ള ലൈസൻസുകൾക്കുവേണ്ടി എത്ര അപേക്ഷകൾ ഇക്കൊല്ലം ലഭിച്ചിട്ടുണ്ട്;

(ബി) ആ അപേക്ഷകൾ അനുസരിച്ച് എത്ര ഷാപ്പുകൾ ഇക്കൊല്ലം തുടങ്ങിയിട്ടുണ്ട്;

(സി) എത്ര അപേക്ഷകൾ നിലവിലുണ്ട്;

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൦.

(ബി) ൭.

(സി) ൧൫൪.

Starred Questions posted for Answer on 9th March 1951

ക്ഷാമനിവാരണം

*൬൯൬. (൬) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly